പതിമൂന്നാം കേരള നിയമസഭ

ഒൻപതാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 17 | 10.06.2013ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിലെ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ. പി.സി.ജോർജ്<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി ) |
| എ സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് നിലവിലുള്ള സംവിധാനത്തെക്കാൾ എത്രത്തോളം കാര്യക്ഷമത വർദ്ധിപ്പിക്കുമെന്ന് വിശദമാക്കുമോ; | എ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.പ്രസ്തുത സംവിധാനത്തിലൂടെ ഫയലുകളുടെ നീക്കം മേലുദ്യോഗസ്ഥർക്ക് എപ്പോൾവേണമെങ്കിലും പരിശോധിക്കാനും കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയും, |
| ബി നിലവിലുള്ള പേപ്പർ ഫയലിംഗ് സംവിധാനം എന്നുമുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത്; | ബി സംസ്ഥാനത്ത് സർക്കാർ സംവിധാനം നിലവിൽ വന്ന കാലം മുതൽ പേപ്പർ ഫയലിംഗ് സംവിധാനം നിലവിലുണ്ട്. |
| സി ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം പൂർണ്ണമായി സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നതിന് എന്തു കാലതാമസം വരുമെന്ന് അറിയിക്കുമോ? | സി ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉന്നത വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യ, ഭക്ഷ്യവും-പൊതു വിതരണവും എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം എന്ന പേരിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ |

മറ്റു വകുപ്പുകളിൽ കടലാസ് രഹിത ഫയൽ സംവിധാനം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ